പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1740 — 16.06.2014 -ൽ മറുപടിയ്ക്ക്

# സർവ്വീസ് ഡെസ്ക് സമ്പ്രദായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. പി. ജയരാജൻ | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) |
| (എ) ഒരു ബാർ ലൈസൻസിൽ ഒന്നിലധികം ബാറുകൾ പ്രവർത്തിപ്പിക്കുവാൻ കഴിയുന്ന സർവ്വീസ് ഡെസ്ക് സമ്പ്രദായം എന്താണെന്നു വിശദീകരിക്കുമോ ; | (എ) വിദേശമദ്യ ചട്ടം 13(3 ബി) പ്രകാരം ബാർ ലൈസൻസുള്ള ഒരു ഹോട്ടലിലെ റസ്റ്റോറന്റ്, ലോൺ, സ്വിമ്മിംഗ് പൂളിന്റെ വശങ്ങൾ, റൂഫ് ഗാർഡൻ എന്നീ സ്ഥലങ്ങളിൽ മദ്യം വിളമ്പുന്നതിനുള്ള വാർഷിക ഫീസ് ഈടാക്കി അനുവാദം നൽകിയിട്ടുള്ള ഹോട്ടലുകളിൽ, ടി സ്ഥലങ്ങളിൽ വിളമ്പുന്നതിനായി ആവശ്യം വരുന്ന അളവ് മദ്യം താൽക്കാലികമായി സൂക്ഷിക്കുന്നതിനാണ് വിദേശമദ്യ ചട്ടം 13(3 ഡി) പ്രകാരം സർവ്വീസ് ഡെസ്കുകൾ അനുവദിച്ചിട്ടുളളത്. 11.02.2011 ലെ ജി.ഒ (പി) 18/2011/നി.വ നമ്പർ ഉത്തരവ് പ്രകാരമാണ് സർവ്വീസ് ഡെസ്ക് നിയമത്തിൽ ഉൾപ്പെടുത്തിയത്. സർവ്വീസ് ഡസ്കുകൾ എന്നത് ടി സ്ഥലങ്ങളിൽ മദ്യപിക്കുന്നവരുടെ തൽസമയ ആവശ്യ |

| | | | |
|---|---|---|---|
| | | | ത്തിനുള്ള മദ്യം സൂക്ഷിക്കുന്നതിനുള്ള ഒരു ഇടം മാത്രമാണ്. സർവ്വീസ് ഡെസ്കിനെ ഒരു ബാറായോ, കൗണ്ടർ ആയോ ഒരിടത്തും നിർവചിച്ചിട്ടില്ല. |
| (ബി) | സർവ്വീസ് ഡെസ്ക് സമ്പ്രദായത്തിൽ ബാറുകൾ പ്രവർത്തിക്കുന്നതിന് ലൈസൻസ് നൽകുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ; | (ബി) | വിദേശമദ്യ ചട്ട പ്രകാരം ബാർ ലൈസൻസുള്ള ഹോട്ടലുകളിൽ നിശ്ചിത ഫീസ് ഒടുക്കി മദ്യം ബാർ കൗണ്ടറിൽ നിന്നും കൊണ്ടു വന്ന് തൽസമയ ആവശ്യങ്ങൾക്കനുസൃതമായി ഉപയോഗിക്കാവുന്നതാണ്. ഇപ്രകാരം സൂക്ഷിക്കുന്ന മദ്യത്തിന്റെ അളവും മറ്റ് വിശദാംശങ്ങളും പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കണമെന്ന് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇത്തരം എത്ര ബാർ ലൈസൻസുകൾ നൽകിയിട്ടുണ്ടെന്നു വ്യക്തമാക്കുമോ ; | (സി) | 174 ഹോട്ടലുകൾക്ക് സർവ്വീസ് ഡെസ്കുകൾ അനുവദിച്ചിട്ടുണ്ട്. |
| (ഡി) | ഏതൊക്കെ ജില്ലയിൽ ഏതൊക്കെ സ്ഥാപനങ്ങൾക്ക് ഇത്തരം ബാർലൈസൻസ് നൽകിയെന്ന് വ്യക്തമാക്കുമോ? | (ഡി) | വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്